കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല — കടപ്പുറം ഗ്രാമപഞ്ചായത്ത് - 2009-10, ഖണ്ഡിക 3.10 പ്രകാരം കൗൺസിലിംഗിനായി ചെലവഴിച്ച 25,000/-രൂപയും 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.9,പ്രകാരം ചെലവഴിച്ച 1,05,000/- രൂപയും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.2290/16/തസ്വഭവ. തിരുവനന്തപുരം, തീയതി:29/07/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ എം3-47966/14 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19/12/2015-ലെ എൽ.എഫ്. 3611/പി.റ്റി2/2015 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-10-ൽ പ്രീമാരിറ്റൽ കൗൺസിലിംഗിനായി വികസന ഫണ്ടിൽ നിന്നും ചിലവഴിച്ച 25,000/- രൂപ, ഖണ്ഡിക 3.9 പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് വാദ്യോപകരണങ്ങൾ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും ചിലവഴിച്ച 1,05,000/-രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സഹിതം പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന മൽസ്യ ഗ്രാമമായ കടപ്പുറം ഗ്രാമപഞ്ചായത്തിൽ പ്രീമാരിറ്റൽ കൗൺസിലിംഗ് പോലുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സാമൂഹ്യമായ ഒരാവശ്യമാണെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. 24/07/2007 ലെ GO (M/S)183/2007/LSGD ഉത്തരവ് പ്രകാരം വികസനഫണ്ട് വിനിയോഗിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത് ക്രമപ്രകാരമല്ലെന്നിരിക്കെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 25,000/- രൂപയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും തുക ക്രമീകരിയ്ക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

2009-10, 2010-11 വർഷങ്ങളിൽ പട്ടികജാതിക്കാർക്ക് വാദ്യോപകരങ്ങൾ വാങ്ങുന്നതിനായി ഖണ്ഡിക 3.9 പ്രകാരം ചിലവഴിച്ച തുക, പട്ടികജാതി കുടുംബങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് ഗ്രാമസഭകളിൽ നിന്ന് വന്ന നിരന്തര

നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കിയതെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഡയറക്ടറും അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. 24/07/2007 ലെ GO (M/S)183/2007/LSGD ഉത്തരവ് പ്രകാരം വികസനഫണ്ട് വിനിയോഗിച്ച് ഇത്തരം പ്രോജക്ടുകൾ നടത്തുന്നത് ക്രമപ്രകാരമല്ലെന്നിരിക്കെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,05,000/- രൂപ എന്നിവയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും തുക ക്രമീകരിയ്ക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിൽ നിന്നുമുളള ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ കൗൺസിലിംഗ് എന്ന ആശയം പുതിയ മാർഗ്ഗനിർദ്ദേശത്തിൽ ഉൾപ്പെട്ടിട്ടുള്ളതും അംഗീകരിക്കാവുന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ് ആയതിനാൽ തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-10 പ്രകാരം കൗൺസിലിംഗിനായി ചെലവഴിച്ച 25,000/- (ഇരുപത്തിയയ്യായിരം രൂപ മാത്രം) രൂപയും ഖണ്ഡിക 3.9 പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് വാദ്യോപകരണങ്ങൾ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 1,05,000/-(ഒരു ലക്ഷത്തി അയ്യായിരം രൂപ മാത്രം) രൂപയും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, കടപ്പുറം ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ